ലേബർ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തയ്യൽത്തൊഴിലാളി സംഘടനകൾ

130 (2042) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേബർ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര തയ്യൽ തൊഴിലാളി സംഘടനകളുണ്ട് ;

(ബി) അവ ഏതൊക്കെയാണെന്ന് രജിസ്റ്റർ നമ്പർ സഹിതം വെളിപ്പെടുത്താമോ ;

(സി) ഇത്തരം സംഘടനകളിൽ കൃത്യമായി റിട്ടേൺസ് സമർപ്പിച്ചിട്ടുള്ളവ ഏതെല്ലാം ;

(ഡി) റിട്ടേൺസ് സമർപ്പിച്ച ഓരോ സംഘടനയുടേയും 1998 ഡിസംബർ 31 വരെയുള്ള കാലയളവിലെ മെമ്പർഷിപ്പിന്റെ എണ്ണം വെളിപ്പെടുത്താമോ ;

(ഇ) റിട്ടേൺസ് സമർപ്പിക്കാത്ത സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ട്രേഡ് യൂണിയൻ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള 34 തയ്യൽ തൊഴിലാളി സംഘടനകൾ ഉണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി & ഡി) ഒരു സംഘടനയും കൃത്യമായി 1998 ഡിസംബർ 31 വരെയുള്ള റിട്ടേൺസ് സമർപ്പിച്ചിട്ടില്ല.

(ഇ) റിട്ടേൺസ് യഥാസമയം സമർപ്പിക്കാത്ത സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരികയാണ്.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ

131 (2043) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികളുടെ മരണ ദിവസം വരെയുള്ള പെൻഷൻ തുക അവരുടെ ആശ്രിതർക്ക് നൽകുന്നത് സംബന്ധിച്ച് ബോർഡ് തീരുമാനം അനുസരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി ഇതുസംബന്ധിച്ച ഉത്തരവുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-6-1997 ലെ ജി. ഒ. (ആർ.റ്റി.) 1957/97/ തൊഴിൽ പ്രകാരം കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികളുടെ മരണ ദിവസം വരെയുള്ള പെൻഷൻ തുക അവരുടെ ആശ്രിതർക്ക് നൽകുന്നതിന് പദ്ധതി ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി

132 (2044) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബീഡി തൊഴിലാളികൾക്കുള്ള ക്ഷേമനിധി സംബന്ധിച്ച് നിയമം പാസ്സായിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(സി) എങ്കിൽ കേരള നിയമസഭ പാസ്സാക്കിയ ബീഡി തൊഴിലാളി ക്ഷേമനിധി നിയമം എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്നറിയിക്കുമോ ;

(ഡി) ഈ നിയമം എന്നു മുതൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-ലെ കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി നിയമം 16-12-1995-ൽ പ്രസിദ്ധീകരിച്ചു. നിയമമനുസരിച്ചുള്ള പദ്ധതി ഉടനടി പ്രാബല്യത്തോടെ 23-2-1996-ലെ അസാധാരണ ഗസറ്റു വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തി. ക്ഷേമനിധിയുടെ സുഗമവും അടിയന്തിരവുമായ നടത്തിപ്പ് ചീഫ് എക്സിക്യൂട്ടീവ് അടക്കം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു. ശ്രീ. കെ. വി. ബാലൻ കുറുപ്പാണ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ്. കണ്ണൂർ ആസ്ഥാനമായി ബോർഡ് രൂപീകരിച്ചു. ബോർഡിന്റെ പ്രാരംഭചെലവുകൾക്കായി 10 ലക്ഷം രൂപ സർക്കാരിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചു. ജില്ലാ ഓഫീസുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സ്റ്റാഫിന്റെ തസ്തികകളുടെ കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly